# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2948 20/12/2012-ലെ മറുപടിക്ക്

**കോഴിക്കോട് സർവ്വകലാശാല വൈസ്ചാൻസലർ, സിൻഡിക്കേറ്റ് അംഗങ്ങൾ എന്നിവർക്കെതിരെ വിജിലൻസ് അന്വേഷണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പ്രദീപ് കുമാർ | ശ്രീ. പി.കെ. അബ്ദു റബ്ബ് ( ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി). |
| എ) കോഴിക്കോട് സർവ്വകലാശാല വൈസ്ചാൻസലർ, സിൻഡിക്കേറ്റ് അംഗങ്ങൾ എന്നിവർക്കെതിരെ വിജിലൻസ് അന്വേഷണത്തിന് തൃശ്ശൂർ വിജിലൻസ് കോടതി ഉത്തരവിട്ടിട്ടുണ്ടോ; | എ) ഉണ്ട്. കോഴിക്കോട് സർവ്വകലാശാലയുടെ ഭൂമി സ്വകാര്യ സ്ഥാപനങ്ങൾക്ക് പതിച്ചു നൽകിയതുമായി ബന്ധപ്പെട്ട് സർവ്വകലാശാല വൈസ് ചാൻസലർ, സിൻഡിക്കേറ്റ് അംഗങ്ങൾ എന്നിവർക്കെതിരെ ഡോക്ടർ ടി.കെ.നാരായണൻ, മുൻ രജിസ്ട്രാർ (ഇൻ ചാർജ്ജ്) തൃശ്ശൂർ വിജിലൻസ് കോടതിയിൽ സമർപ്പിച്ച പരാതികളിന്മേൽ (സി.എം.പി. 568/2012, 569/2012, 570/2012) മലപ്പുറം യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് മുഖേന സത്വരാനേഷണങ്ങൾ (ക്യൂ.വി.09/12, ക്യൂ.വി. 10/12, ക്യൂ.വി. 11/12) നടന്നു വരുന്നു. |
| ബി) എങ്കിൽ ഏതെല്ലാം കേസുകളിൽ ആരുടെയെല്ലാം പേരിലാണ് അന്വേഷണമെന്ന് വ്യക്തമാക്കുമോ; | ബി) ടി സത്വരാന്വേഷണങ്ങളിൽ കോഴിക്കോട് സർവ്വകലാശാല വൈസ് ചാൻസലർ, താഴെപ്പറയുന്ന സിൻഡിക്കേറ്റ് അംഗങ്ങൾ, മറ്റ് ഏതാനും പേരും ഉൾപ്പെടുന്നു.<br>1. ശ്രീ.റ്റി.വി.ഇബ്രാഹിം<br>2. ഡോക്ടർ റ്റി.പി. അഹമ്മദ്<br>3. അഡ്വക്കേറ്റ് ജി.സി.പ്രശാന്ത് കുമാർ<br>4. ശ്രീ.നവാസ്ജാൻ.എ.<br>5. ശ്രീ.ആർ.എസ്.പണിക്കർ. |

6. അഡ്വക്കേറ്റ് നിയാസ് പി.എം.
7. ശ്രി.കെ.ശിവരാമൻ
8. പ്രൊഫസർ.കെ.എം.വനജാക്ഷി
9. ശ്രീ.എബ്രഹാം
10. ഡോക്ടർ കെ.വി.ലാസർ.
11. ഡോക്ടർ സൈനുൾ ആബിദ് കോട്ട
12. പ്രൊഫസർ എം.അബ്ദുൾ റഹ്മാൻ
13. ശ്രീ.കെ.എ.സിറാജ്
14. ശ്രി.റ്റി.പി.അഷറഫ് അലി

സി) പ്രസ്തുത കേസുകളിൽ ഏതെല്ലാം മന്ത്രിമാർക്കെതിരെ അന്വേഷണമുണ്ടെന്ന് വെളിപ്പെടുത്തുമോ;

സി) പ്രസ്തുത സത്വരാന്വേഷണങ്ങളിൽ ഡോക്ടർ എം.കെ.മുനീർ, ശ്രീ.പി.കെ.അബ്ദു റബ്ബ് എന്നീ മന്ത്രിമാരും ഉൾപ്പെടുന്നു.

ഡി) സർവ്വകലാശാലാ ഭൂമി ലഭിക്കുന്നതിനും, കോളേജിന് അനുമതി ലഭിക്കുന്നതിനുമായി അപേക്ഷ സമർപ്പിച്ച ഏതെല്ലാം സ്ഥാപനങ്ങളുടെ പേരിലാണ് അന്വേഷണമുള്ളത്; പ്രസ്തുത സ്ഥാപനങ്ങളുടെ ഭാരവാഹികൾ ആരെല്ലാമാണ്; വ്യക്തമാക്കുമോ?

ഡി) സർവ്വകലാശാല ഭൂമി ലഭിക്കുന്നതിനും കോളേജിന് അനുമതി ലഭിക്കുന്നതിനുമായി അപേക്ഷ സമർപ്പിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ പേരിലാണ് അന്വേഷണമുള്ളത്.

1. ഗ്രേയ്സ് എഡ്യൂക്കേഷണൽ അസോസിയേഷൻ, മലപ്പുറം.
2. ബാഡ്മിന്റൺ ഡവലപ്പ്മെന്റ് ട്രസ്റ്റ്, കോഴിക്കോട്
3. കോഴിക്കോട് ഡിസ്ട്രിക് ഒളിമ്പിക്സ് അസോസിയേഷൻ

അന്വേഷണം നടക്കുന്നതിനാൽ പ്രസ്തുത സ്ഥാപനങ്ങളുടെ ഭാരവാഹികൾ ആരെല്ലാമാണെന്ന് ഇപ്പോൾ വ്യക്തമാക്കാൻ കഴിയില്ല.

**സെക്ഷൻ ഓഫീസർ**